# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6103 — 04.07.2019-ൽ മറുപടിയ്ക്ക്

## ചാലക്കുടിപ്പുഴയുടെ സംരക്ഷണം

ചോദ്യം :

ശ്രീ.ബി.ഡി. ദേവസ്സി

മറുപടി :

ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കൊടും പ്രളയത്തെ തുടർന്ന് ചാലക്കുടിപ്പുഴയുടെ വിവിധ ഭാഗങ്ങളിൽ പാലങ്ങളോട്ട ചേർന്ന് വലിയ മുളകളും, മരങ്ങളും തടഞ്ഞ് നിൽക്കുന്നത് ഇനിയും നീക്കം ചെയ്യാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മുളങ്കാട്ടുകളും, മരങ്ങളും പുഴയിൽ വിവിധ ഭാഗങ്ങളിൽ തടഞ്ഞ് കിടക്കുന്നത് മാറ്റുന്നതിനും പുഴയുടെ ഒഴുക്ക് സുഗമമാക്കുന്നതിനും പാലങ്ങൾ, റെയിൽവേ പാലങ്ങൾ ഉൾപ്പെടെയുള്ളവയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 169.218 പ്രകാരം നദികളുടെ സംരക്ഷണം കയ്യേറ്റം ഒഴിപ്പിക്കൽ എന്നീ കാര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. കഴിഞ്ഞ പ്രളയത്തിൽ ചാലക്കുടിപ്പുഴയിൽ അടിഞ്ഞു കൂടിയ മരങ്ങളും മുളംകാട്ടുകളും നീക്കം ചെയ്യേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ